നേതാക്കളുടെ കാര്യമാണെങ്കിൽ അദ്ദേഹം പറഞ്ഞതുപോലെ 'കില' യിൽ അയച്ചു ട്രെയിനിംഗ് കിട്ടേണ്ടതാണ്. അതല്ല, ഇവിടെ ആ മേഖലയുമായി ബന്ധപ്പെട്ടിട്ടുള്ള ഒരു ചുമട്ടുതൊഴിലാളിപോലും ഈ ബോർഡിലില്ലെന്നുള്ളതാണ്, അത് ഭംഗിയാകില്ല. ചുമട്ടുതൊഴിലാളിയെപ്പറ്റിയുള്ള മോഹൻലാലിന്റെ ചിത്രം കണ്ടിട്ടുണ്ടാകും. അതുപോലെയല്ല, ഇത് വളരെയധികം മാറ്റമുണ്ട്. വളരെയധികം പരിഷ്ക്കാരത്തിന്റെ ആവശ്യമുണ്ട്. എന്റെ ചോദ്യം ഈ ബോർഡിൽ ഒരു ചുമട്ടുതൊഴിലാളിയെങ്കിലും ഏതെങ്കിലും സംഘടനയിൽ നിന്നുമുണ്ടാകണം. അതുമാത്രമല്ല വളരെയധികം ചുമട്ടുതൊഴിലാളികൾ പണിയെടുക്കുന്ന സ്ഥലത്താണ് രാത്രി കിടപ്പും ഉറക്കവുമെല്ലാം. അങ്ങനെയുള്ള തൊഴിലാളികൾക്ക് വീടുവയ്ക്കാനുള്ള പ്രത്യേക പദ്ധതി ഗവൺമെന്റ് രൂപീകരിച്ച് ഈ തൊഴിലാളികളുടെ ജീവിതനിലവാരം കുടുംബപരമായി മെച്ചപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ബാബു ദിവാകരൻ: ചുമട്ടുതൊഴിലാളികളുടെ ജീവിതനിലവാരം വളരെയധികം ഉയർന്നിട്ടുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. ചുമട്ടുതൊഴിലെടുക്കുന്നവർ പഞ്ചായത്തു പ്രസിഡന്റുമാരായിട്ടുണ്ട്. 35-ലധികം പഞ്ചായത്തുമെമ്പർമാർ ഇപ്പോഴും തൊഴിലെടുക്കുന്ന ചുമട്ടുതൊഴിലാളികളായുണ്ട്. ഈ അടുത്തദിവസം ഞാൻ ഒരു മീറ്റിംഗിനുപോയപ്പോൾ ആ യോഗത്തിൽ അധ്യക്ഷത വഹിച്ചത് ആ മേഖലയിൽ ചുമടെടുക്കുന്ന, അന്നും പണിയെടുത്ത ചുമട്ടുതൊഴിലാളിയായ പഞ്ചായത്തു പ്രസിഡന്റാണ്. അതുകൊണ്ട് അതുപറയുന്നത് ശരിയല്ല. ചുമട്ടുതൊഴിലാളികൾ ഇന്ന് സമൂഹത്തിൽ ഏറ്റവും ഉയർന്നുവന്നുകൊണ്ടിരിക്കുന്ന നല്ലൊരു വിഭാഗമാണ്. അങ്ങു പറഞ്ഞതുപോലെ ആ ബോർഡിൽ അംഗങ്ങളായിട്ടുള്ളവരെല്ലാം ചുമട്ടുതൊഴിലാളി യൂണിയനുകളുടെ നേതാക്കന്മാർ തന്നെയാണ്. 5 തൊഴിലുടമാ പ്രതിനിധികളും ചുമട്ടുതൊഴിലാളി മേഖലയിൽ പണിയെടുക്കുന്ന യൂണിയൻ നേതാക്കന്മാർ തന്നെയാണ്. ഏതെങ്കിലും പ്രത്യേക കേസ് ചൂണ്ടിക്കാണിക്കാനുണ്ടെങ്കിൽ അത് പരിശോധിക്കാം.

മി. സ്പീക്കർ: ചോദ്യം നമ്പർ 478.

കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ അറ്റകുറ്റപ്പണികൾ

*2 [478] *ശ്രീ. എൻ. രാജൻ:*

„ *ബിനോയ് വിശ്വം:*

„ *പി. എസ്. സുപാൽ:*

„ *മാങ്കോട് രാധകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ബസ്സുകൾ യഥാസമയം അറ്റകുറ്റ പണികൾ നടത്തുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബസ്സിന്റെ പ്ലാറ്റ്ഫോം ഇളകിയതുമൂലം യാത്രക്കാർക്ക് പരിക്കുപറ്റിയ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം അപകടങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഗതാഗതവകുപ്പുമന്ത്രി *(ശ്രീ. എൻ. ശക്തൻ)*: സർ,

(എ) ട്രാൻസ്പോർട്ട് ബസുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിന് ബൃഹത്തായ പരിപാലന സംവിധാനങ്ങൾ നിലവിലുണ്ട്. എല്ലാ ഡിപ്പോകളിലും വർക്ക്ഷോപ്പുകളിലും ഇതിനാവശ്യമായ ജീവനക്കാർ, വാഹന നിർമ്മാതാക്കളുടെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് പരിപാലനം നടത്തിവരുന്നു. യൂണിറ്റ് തലത്തിൽ നിർവ്വഹിക്കാൻ കഴിയാത്ത അറ്റകുറ്റപ്പണികൾ പാപ്പനംകോട്ടുള്ള സെൻട്രൽ വർക്ക്ഷോപ്പിലും, മാവേലിക്കര, ആലുവ, എടപ്പാൾ, കോഴിക്കോട് എന്നിവിടങ്ങളിലുള്ള റീജിയണൽ വർക്ക്ഷോപ്പുകളിലും നടത്തിവരുന്നു. നിവാരണ പരിപാലനവും പ്രതിദിന, പ്രതിമാസ, വാർഷികാടിസ്ഥാനത്തിലുള്ള പരിപാലനവും ഓരോ ബസ്സിനും നടത്തിവരുന്നു.

(ബി) ഉണ്ട്. എല്ലാ ബസുകളുടേയും പ്ലാറ്റ്ഫോം പരിശോധിക്കുന്നതിനും, തകരാറുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ബസുകളുടെ പ്ലാറ്റ്ഫോമിന്റെ കാര്യത്തിൽ പ്രത്യേക ശ്രദ്ധചെലുത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. ബിനോയ് വിശ്വം: കെ.എസ്.ആർ.ടി.സി.യിലെ തൊഴിലാളികൾ അവരുടെ എല്ലാ കഴിവുകളും ഉപയോഗിച്ചുകൊണ്ട് പണിയെടുക്കുന്നുണ്ട്. ബസുകൾ നല്ലവണ്ണം ഓടിക്കാൻ, അറ്റകുറ്റപ്പണി ചെയ്യാൻ, യാത്രക്കാരെ സേവിക്കാൻ ഒക്കെ ശ്രമിക്കുന്നുണ്ട്. എന്നിട്ടും കാര്യങ്ങൾ വേണ്ടതുപോലെ നീങ്ങുന്നില്ല. പല വർക്ക്ഷോപ്പുകളിലും അത്യാവശ്യം വേലയെടുക്കാനുള്ള എണ്ണം ആളുകൾ ഇപ്പോഴില്ല. എല്ലാ പോസ്റ്റുകളിലും ഇപ്പോൾ വേക്കൻസികളുണ്ട്. Blacksmith, Upholstery, Painter, Mechanic തുടങ്ങിയ പോസ്റ്റുകളെല്ലാം പലയിടത്തും ഒഴിഞ്ഞുകിടക്കുകയാണ്. പകലന്തിയോളം വേലയെടുത്താലും പണി പൂർത്തിയാക്കാൻ പറ്റുന്നില്ല. അതുകൊണ്ട് ഇപ്പോഴുള്ള എല്ലാ ഒഴിവുകളും എത്രയുംവേഗം നികത്തി വർക്ക്ഷോപ്പുകൾ ഫലപ്രദമായി പ്രവർത്തിപ്പിക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എൻ. ശക്തൻ: ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ അത്രയും കൂടുതൽ വേക്കൻസിയൊന്നും കെ.എസ്.ആർ.ടി.സി.യിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

കഴിയുന്നിടത്തോളം എല്ലാ വേക്കൻസികളും ഫിൽ ചെയ്തിട്ടുണ്ട്. ഇനി ഏതെങ്കിലും കാറ്റഗറിയിൽ കൂടുതൽ വേക്കൻസിയുണ്ടോയെന്ന് പരിശോധിക്കാം. അങ്ങനെ പരിശോധിച്ച് പി.എസ്.സി.യുടെ റാങ്ക് ലിസ്റ്റ് നിലവിലുള്ള പോസ്റ്റാണെങ്കിൽ തീർച്ചയായും അത് ഫിൽ ചെയ്യാം.

ശ്രീ. ബിനോയ് വിശ്വം: നമ്മൾ വാങ്ങുന്ന പുതിയ ബസുകൾ പലതും നമ്മുടെ കാലാവസ്ഥയ്ക്കും മണ്ണിനും നിരക്കാത്ത രൂപത്തിൽ വന്നിരിക്കുകയാണ്. പല ബസുകളും കാണാൻ നല്ല ബോഡിയുണ്ട്. പക്ഷേ ആ ബോഡിയുള്ള ബസുകളിൽ കാറ്റ് കയറുന്നില്ല. മഴ പെയ്താൽ വെള്ളം കയറുന്നു. പലപ്പോഴും കുടപിടിക്കേണ്ടിവരുന്നു. എന്നുമാത്രമല്ല, ഈ കാറ്റിന്റെ പ്രശ്നംകൊണ്ടായിരിക്കാം ടയർ പൊട്ടിപ്പോകുന്നു. അങ്ങനെ ആകപ്പാടെ വലിയ പ്രശ്നങ്ങളാണ്. ശരിക്കുപറഞ്ഞാൽ കെ.എസ്.ആർ.ടി.സി.യെ ഫലപ്രദമായി നയിക്കാൻവേണ്ടി പുതിയ ബസുകളും ഹൈടെക്കുമെല്ലാം വേണ്ടിവരും. പക്ഷേ കേരളത്തിനുപറ്റിയ മട്ടിലുള്ള ബസ് നിർമ്മിക്കാൻ പറ്റിയ skilled labourers ആവശ്യംപോലെ നമുക്കുള്ളപ്പോൾ അവരുടെ പങ്കോ സേവനമോ അനുഭവമോ ഉപയോഗപ്പെടുത്താതെ നമ്മൾ പുറത്തുനിന്നും മാത്രമേ ബസ്ബോഡി വാങ്ങൂ എന്നുള്ള വാശി നല്ലതാണോ, ഗുണകരമാണോ, അത് തിരുത്തുവാൻ വേണ്ടിയുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എൻ. ശക്തൻ: ബസുകളിലെ ബോഡികളെ സംബന്ധിച്ചുണ്ടായിരുന്ന പരാതി പരിഹരിച്ചുകൊണ്ടാണ് പുതിയ ബസുകൾ ഇറക്കിയിട്ടുള്ളത്. പുതുതായി ഇറക്കിയ അനന്തപുരി ഫാസ്റ്റും അതുപോലെതന്നെ വേണാടും ഈ പരാതികളെല്ലാം പരിഹരിച്ചുകൊണ്ട് ഇറക്കിയിട്ടുള്ള ബസുകളാണ്. അതിനെ സംബന്ധിച്ച് ഒരു പരാതിയും വന്നിട്ടില്ല. ഇവിടെ ബസ്ബോഡിയുടെ കാര്യം പറഞ്ഞു. കെ.എസ്.ആർ.ടി.സി.യിലും ഇന്ന് നിർമ്മിക്കാൻ കഴിയുന്നത്ര ബസ്ബോഡികൾ നിർമ്മിക്കാൻ കൊടുക്കുന്നുണ്ട്. സത്യത്തിൽ കെ.എസ്.ആർ.ടി.സി.യിൽ ബസ്ബോഡി നിർമ്മിക്കുന്നത് നമുക്ക് നഷ്ടമാണ്. ഈ മേഖലയിൽ ധാരാളം കമ്പനികൾ വരുന്നുണ്ട്. പരസ്യമായി ടെണ്ടർ ചെയ്യുന്നു, പരസ്യമായി ക്വോട്ട് ചെയ്യുന്നു. ഏറ്റവും ലോവസ്റ്റായ ആൾക്ക് കൊടുക്കുന്നു. കെ.എസ്.ആർ.ടി.സി.യിൽ ഒരു ബസ്ബോഡി നിർമ്മിക്കുന്നതിനേക്കാൾ കുറഞ്ഞത് ഒരുലക്ഷം രൂപയെങ്കിലും വെളിയിൽ നിന്നും വരുന്ന ഒരു ബസ് ഒന്നിന് കുറയും. അവർ പരസ്പരം മത്സരിക്കുകയാണ്. അങ്ങനെ മത്സരിച്ച് അവസാനം കിട്ടുന്ന ആൾക്ക് ബസ്ബോഡി ചെയ്യാൻപോലും കഴിയാത്ത രീതിയിൽ കുറഞ്ഞ റേറ്റിലാണ് ഇപ്പോൾ ചെയ്യുന്നത്. ഏറ്റവും അവസാനം ഇപ്പോൾ സൂപ്പർഫാസ്റ്റ് ടെണ്ടർ ചെയ്തു. അതുപോലും വന്നിട്ട്

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ എടുക്കാൻ ആളില്ലാത്ത സ്ഥിതി വന്നിരിക്കുന്നു. അത്ര റേറ്റ് കുറച്ചിരിക്കുകയാണ്.

ശ്രീ. പി. എസ്. സുപാൽ: പ്ളാറ്റ്ഫോം തകരുന്നതുമൂലവും ബസ് പരസ്പരം കൂട്ടിമുട്ടിയും ബസ്സ് മറിഞ്ഞും അപകടങ്ങളുണ്ടാകുന്നുണ്ട്. അതിന്റെ ഫലമായി ധാരാളം കുടുംബങ്ങൾ അനാഥരായിത്തീരുന്നുണ്ട്. അപകടങ്ങളിൽപ്പെട്ട് അംഗവൈകല്യം സംഭവിച്ചിട്ടുള്ള ധാരാളം ആളുകളുണ്ട്. അവരൊക്കെ വർഷങ്ങളായി നഷ്ടപരിഹാരത്തുക കിട്ടാൻവേണ്ടി പ്രതീക്ഷയോടുകൂടി കാത്തിരിക്കുന്നവരാണ്. നഷ്ടപരിഹാരം കൊടുത്താലും ആ ദുരന്തത്തിൽ നിന്നും അവർ മോചിതരാകുന്നില്ല. നൂറുകണക്കിനു കുടുംബങ്ങളാണ് വഴിയാധാരമായിട്ടുള്ളത്. ബസുകൾ ജപ്തി ചെയ്തുകൊണ്ടുപോകുന്നു. ഉദ്യോഗസ്ഥന്മാരുടെ ശമ്പളം തടഞ്ഞു വയ്ക്കുന്നു. അവരെപ്പോലും ജപ്തി ചെയ്യാനുള്ള നടപടികൾ ഭാവിയിൽ ഉണ്ടാകും. അതിനാൽ മാനുഷിക പരിഗണന വച്ചുകൊണ്ട് നഷ്ടപരിഹാരത്തുക അടിയന്തിരമായി കൊടുക്കുന്നതിന് നടപടികൾ സ്വീകരിക്കണം. കെ.എസ്.ആർ.ടി.സി.ക്ക് സാമ്പത്തിക പ്രതിസന്ധിയുണ്ടെന്നറിയാം. എന്നാലും മാനുഷിക പരിഗണന വച്ചുകൊണ്ട് ഇതിനു അടിയന്തിരമായി പരിഹാരമുണ്ടാക്കുവാൻ, നഷ്ടപരിഹാരത്തുക വേഗത്തിൽ ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ അങ്ങ് സ്വീകരിക്കുമോ?

ശ്രീ. എൻ. ശക്തൻ: നഷ്ടപരിഹാരമായി ഇപ്പോൾത്തന്നെ ഏതാണ്ട് പതിനെട്ടു കോടിയിലധികം രൂപ കെ.എസ്.ആർ.ടി.സി. കൊടുക്കാനുണ്ട്. ഇന്നത്തെ കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തികസ്ഥിതി എല്ലാവർക്കും അറിയാവുന്നതാണ്. ഓണം വരികയാണ്. ബോണസ്സും അഡ്വാൻസും കൊടുക്കണം. ഡീസൽ വാങ്ങിയതിൽ വലിയൊരു തുക കമ്പനിക്കുകൊടുക്കാനുണ്ട്. പുതിയതായി വന്ന കോടതി വിധിയനുസരിച്ചുള്ള തുക കൊടുക്കാനുണ്ട്. ഡീസലിന്റെ വില കൂടിയതുകൊണ്ട് കെ.എസ്.ആർ.ടി.സി.ക്ക് വലിയ നഷ്ടമാണ് സംഭവിച്ചു കൊണ്ടിരിക്കുന്നത്. ഈ പരിതഃസ്ഥിതിയിൽ ഈ തുക അടിയന്തിരമായി കൊടുക്കാൻ ബുദ്ധിമുട്ടുണ്ട്. പലിശ വേണ്ടെന്നു പറയുന്ന കേസ്സുകളിൽ സീനിയോറിറ്റി അനുസരിച്ച് ഇപ്പോഴും എം.എ.സി.ടി. ക്ളെയിം കൊടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. എസ്. സുപാൽ: പഴക്കം ചെന്ന വാഹനങ്ങൾ ഇപ്പോഴും ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ പേരിൽ അപകടങ്ങളുണ്ടാകുന്നു. ബസ്സുകളുടെ ബ്രേക്ക്ഡൗൺ ഒരു സാധാരണ കാഴ്ചയാണ്. ഒരു ബസ്സിന്റെ കാലാവധി എന്നുപറയുന്നത് 15 വർഷമാണെന്ന് നമുക്കറിയാം. നമ്മുടെ നിയമസഭയിൽ 25 വർഷം പൂർത്തിയാക്കിയ എം.എൽ.എ. മാരുണ്ട്. 25 വർഷത്തേക്കാൾ പഴക്കമുള്ള ബസ്സുകൾ ഇപ്പോഴും ഓടുന്നുണ്ട്. ജാംബവാന്റെ

LIBRARY ARCHIVES Kerala Legislative Assembly

കാലത്തുള്ള ബസ്സുകൾ എന്നു നമ്മൾ കേട്ടിട്ടുണ്ട്. അതുകൊണ്ട് ഏറ്റവും പഴക്കമുള്ള ബസ്സുകൾ പിൻവലിച്ചുകൊണ്ട്, ആ സ്ഥാനത്ത് പുതിയ ബസ്സുകൾ ഇറക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എൻ. ശക്തൻ: ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഇപ്പോൾ കെ.എസ്.ആർ.ടി.സി.യിൽ അത്ര പഴക്കമുള്ള ബസ്സുകൾ ഒന്നുമില്ല. ഒരു വർഷം മുതൽ അഞ്ചു വർഷം വരെ പഴക്കമുള്ള 1873 ബസ്സുകളുണ്ട്. ആകെ 4773 ബസ്സുകൾ ഉണ്ട്. അഞ്ചു വർഷത്തിനും പത്തു വർഷത്തിനും ഇടയ്ക്ക് പഴക്കമുള്ള 2021 ബസ്സുകൾ ഉണ്ട്. പത്തുവർഷത്തിനുമുകളിൽ പഴക്കമുള്ള 879 ബസ്സുകൾ ഉണ്ട്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ അത്ര പഴക്കമുള്ള ബസ്സുകൾ ഇപ്പോൾ കെ.എസ്.ആർ.ടി.സി. യിൽ ഇല്ല. മാത്രവുമല്ല പുതിയ ബസ്സുകൾ വളരെ കൂടുതൽ ഇറക്കുന്നുമുണ്ട്.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ അറ്റകുറ്റപ്പണികളുടെ പ്രധാന കാരണം, കെ.എസ്.ആർ.ടി.സി. വാങ്ങുന്ന സ്പെയർ പാർട്സുകളുടെ ഗുണനിലവാരമില്ലായ്മയാണ്. മുമ്പ് ഗുണനിലവാരം പരിശോധിച്ചതിനുശേഷം പണം നൽകുന്ന ഏർപ്പാടാണ് കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടായിരുന്നത്. പർച്ചേസ് വിഭാഗത്തിൽ ഒരു ക്വാളിറ്റി കൺട്രോൾ വിഭാഗവും പ്രവർത്തിച്ചിരുന്നു. ഇപ്പോൾ ക്വാളിറ്റി കൺട്രോൾ വിഭാഗം എന്നത് ഇല്ല. ക്വാളിറ്റി കൺട്രോൾ വിഭാഗം പുനഃസ്ഥാപിക്കുന്നതിനും പരിശോധനകൾക്കുശേഷം, സ്പെയർ പാർട്സിനുവേണ്ടിയുള്ള പണം നൽകുന്നതിനും വേണ്ട നിർദ്ദേശം നൽകാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. എൻ. ശക്തൻ: കെ.എസ്.ആർ.ടി.സി.യിൽ സ്പെയർ പാർട്സ് ക്വാളിറ്റി കൺട്രോൾ അനുസരിച്ച് പരിശോധിച്ചിട്ടുതന്നെയാണ് വാങ്ങുന്നത്. അറിയപ്പെടുന്ന കമ്പനികളിൽ നിന്നും ടെൻഡർ സ്വീകരിച്ച്, മാക്സിമം ഡിസ്ക്കൗണ്ടോടുകൂടിയാണ് വാങ്ങുന്നത്. അല്പംപോലും അഴിമതിയോ സംശയമോ ഇല്ലാത്ത രീതിയിലാണ് കെ.എസ്.ആർ.ടി.സി. യിൽ സ്പെയർ പാർട്സ് വാങ്ങുന്നത്.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: മെക്കാനിക്കൽ വിഭാഗത്തിനു സൗകര്യപ്രദമായ രീതിയിൽ ജോലി ചെയ്യുന്നതിനുള്ള സൗകര്യങ്ങളില്ലാത്ത ഡിപ്പോകളാണ് നമ്മുടെ കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ. ബസ്സുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് അതു വലിയ തടസ്സമാണ്. അതുമാത്രമല്ല കെ.എസ്.ആർ.ടി.സി.യിലെ പല ഡിപ്പോകളുമെടുത്ത് പരിശോധിച്ചാൽ, ഏറ്റവും കൂടുതൽ അപകടങ്ങൾ നടക്കുന്നത് ഡിപ്പോകൾക്കുള്ളിലാണെന്നു കാണാൻ കഴിയും. എന്റെ നിയോജകമണ്ഡലത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

നെടുമങ്ങാട് ഡിപ്പോയിൽ, കഴിഞ്ഞ ആറു മാസത്തിനുള്ളിൽ ഡിപ്പോയുടെ നടയിൽ വച്ച് രണ്ടു മൂന്ന് ആളുകൾ മരിക്കുകയുണ്ടായി. ഡിപ്പോകളുടെ പല തരത്തിലുള്ള സൗകര്യക്കുറവുകളാണ് ഇതിനുള്ള പ്രധാന കാരണം. കെ.എസ്.ആർ.ടി.സി.യിലെ പ്രധാന ഡിപ്പോകളുടെ നവീകരണത്തിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. എൻ. ശക്തൻ: നമ്മുടെ ഡിപ്പോകളിൽ അത്യാവശ്യം വേണ്ടുന്ന അറ്റകുറ്റപ്പണികളെല്ലാം ഇപ്പോഴും ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട മാങ്കോടു രാധാകൃഷ്ണൻ പറഞ്ഞ ആ ഡിപ്പോയിൽ എം.എൽ.എ.യോടൊപ്പം ഞാനും പോയി പരിശോധിച്ചിരുന്നു. അവിടെ ഈ പറയുന്ന തരത്തിലുള്ള കുഴപ്പങ്ങളൊന്നുമില്ല. അത്യാവശ്യം വേണ്ടുന്ന ജോലികൾ ചെയ്യുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

ശ്രീ. തമ്പാനൂർ രവി: കേരളത്തിലെ കെ.എസ്.ആർ.ടി.സി.യുടെ വർക്ക്ഷോപ്പുകൾ ഹൈജീനിക് ആണോ എന്നു പരിശോധിക്കണം. അങ്ങ് കെ.എസ്.ആർ.ടി.സി.യുടെ പ്രധാനപ്പെട്ട രണ്ടു വർക്കുഷോപ്പുകൾ സന്ദർശിക്കണം. മോഡേൺ എക്വിപ്മെന്റ്സിലുള്ള കുറവ് കെ.എസ്.ആർ.ടി.സി.യിൽ ധാരാളമുണ്ട്. ഇത്രയും നല്ല കാര്യങ്ങൾ ചെയ്യുന്ന മന്ത്രി എന്നുള്ള നിലയ്ക്ക് ഒന്നു രണ്ടു പ്രധാന വർക്കുഷോപ്പുകൾ സന്ദർശിച്ച്, അവിടെ ഹൈജീനിക് കണ്ടീഷൻസും മോഡേൺ എക്വിപ്മെന്റ്സും ഏർപ്പെടുത്തുന്ന നടപടി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമോ?

ശ്രീ. എൻ. ശക്തൻ: ഞാൻ മന്ത്രിയായതിനുശേഷം കെ.എസ്.ആർ.ടി.സി.യിലെ പ്രധാനപ്പെട്ട പല വർക്ക്ഷോപ്പുകളും സന്ദർശിക്കുകയുണ്ടായി. ബഹുമാനപ്പെട്ട തമ്പാനൂർ രവി മുന്നോട്ടുവച്ചത് നല്ല നിർദ്ദേശമാണ്. അതു പരിശോധിക്കുന്നതാണ്.

പ്രതിപക്ഷ നേതാവ് *(ശ്രീ. വി. എസ്. അച്ചുതാനന്ദൻ):* കെ.എസ്.ആർ.ടി.സി. ബസുകളുടെ അറ്റകുറ്റപ്പണികളുടെ പ്രശ്നമാണ് ചോദ്യം. ബോഡി ബിൽഡിംഗിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് കമ്മീഷൻ കൊടുത്തിട്ടുണ്ട്, ഏറ്റവും കുറഞ്ഞ നിലയിലുള്ള കമ്മീഷൻ കൊടുത്ത് ഡിപ്പാർട്ടുമെന്റിന് ലാഭം ഉണ്ടാക്കുന്ന തരത്തിലാണ് ചെയ്യുന്നത് എന്നൊക്കെയാണ്. അങ്ങനെ ഏറ്റവും കുറഞ്ഞ കമ്മീഷൻ പിടിക്കുന്നതിന്റെ ഫലമായി ബസ്സുകളുടെ പണി തന്നെ കൃത്യമായി നടത്തിക്കൊണ്ടു പോകാൻ കഴിയാത്ത സ്ഥിതിയുണ്ടെന്നും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അതിന്റെയൊക്കെ ഫലമായിട്ടല്ലേ ഈ അറ്റകുറ്റപ്പണികൾ കൂടുതലും ഉണ്ടാകുന്നത് എന്ന സംശയം ഉദിക്കുന്നുണ്ട്. നമ്മുടെ ജോലിക്കാരായിട്ടുള്ള ആളുകൾ പണി ചെയ്താൽ ഒരു ലക്ഷം രൂപ വരെ അവർക്കു നഷ്ടം വരും എന്നു പറഞ്ഞു. അവർ നമ്മുടെ ബസ് എന്നുള്ള നിലയിൽ ഉത്തരവാദിത്വബോധത്തോടുകൂടി, ചുമതലാ

LIBRARY ARCHIVES Kerala Legislative Assembly

ബോധത്തോടുകൂടി ചെയ്യും. ഇതിന്റെ ഫലമായി അറ്റകുറ്റപ്പണികൾ കുറയും. റാശി പിടിച്ച് കാശുണ്ടാക്കാൻവേണ്ടി കുറഞ്ഞ ടെൻഡറിന് കൊടുക്കുന്ന മണ്ടത്തരം ഒഴിവാക്കി, നമ്മുടെ വർക്കേഴ്സിന് പരമാവധി ജോലി കൊടുക്കത്തക്കരീധത്തിൽ ഇവിടെത്തന്നെ ചെയ്യുന്നതാണ് നല്ലത്. അറ്റകുറ്റപ്പണികൾ കുറയാൻ ഇടയാക്കുന്ന സാഹചര്യം സൃഷ്ടിക്കണം. ഇതല്ലേ നല്ലത് എന്ന് ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കുമോ?

ശ്രീ. എൻ. ശക്തൻ: കെ.എസ്.ആർ.ടി.സി.യിൽ ബോഡി നിർമ്മിക്കുന്നതിന് ആവശ്യമായ ജീവനക്കാരില്ല. ഉള്ള ജീവനക്കാരെക്കൊണ്ട് പരമാവധി ബോഡികൾ ഇവിടെത്തന്നെ നിർമ്മിക്കുന്നുണ്ട്. ഇവിടത്തെ ജീവനക്കാർക്ക് ചെയ്യാൻ കഴിയുന്ന ബസ്സുകളുടെ ബോഡി നിർമ്മിക്കാൻ കൊടുത്തതിനുശേഷം ബാക്കി വരുന്നതാണ് വെളിയിൽ കൊടുത്ത് ചെയ്യിപ്പിക്കുന്നത്. ഇതിനുപുറമേ ഏതെങ്കിലും ഒരു വർക്ക്ഷോപ്പിൽകൂടി പുതിയതായി ബോഡി നിർമ്മിക്കുന്നതിനെക്കുറിച്ച് കെ.എസ്.ആർ.ടി.സി. ആലോചിക്കുന്നതാണ്.

ശ്രീ. തോമസ് ഉണ്ണിയാടൻ: ഇരിങ്ങാലക്കുട ഓപ്പറേറ്റിംഗ് സെന്റർ കേരളത്തിലെ ഓപ്പറേറ്റിംഗ് സെന്ററുകളിൽ ഏറ്റവും മികച്ചതാണ്. നന്നായി കളക്ഷൻ കിട്ടുന്ന ഒരു ഓപ്പറേറ്റിംഗ് സെന്ററാണ്. അവിടെ ബസ്സുകൾ കുറവായിരുന്നത് ബഹുമാനപ്പെട്ട മന്ത്രിയുടെ ഉദാരമായ നയംകൊണ്ട് കൂടുതൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടര ഏക്കറോളം വിസ്തീർണ്ണമുള്ള സ്ഥലത്താണ് ഈ ഓപ്പറേറ്റിംഗ് സെൻറർ സ്ഥിതി ചെയ്യുന്നത്. പക്ഷേ, അവിടെ ആവശ്യത്തിനുള്ള കെട്ടിടങ്ങളില്ല. എം.എൽ.എ. ഫണ്ടിൽനിന്നും ആവശ്യത്തിന് കെട്ടിടം പണിയാനുള്ള ഫണ്ട് അനുവദിച്ചിട്ടുണ്ട്. എന്നാൽ അത് പോര. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി, ഇരിങ്ങാലക്കുട ബസ് സെന്ററിന് അവശ്യം വേണ്ട ചില കെട്ടിടങ്ങൾ കൂടി പണിയുന്നതിനുള്ള സാമ്പത്തിക സഹായം ചെയ്തുതരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എൻ. ശക്തൻ: ബഹുമാനപ്പെട്ട മെമ്പറുടെ ആവശ്യപ്രകാരം തന്നെ ഞാൻ അദ്ദേഹത്തോടൊപ്പം ഇരിങ്ങാലക്കുടയിൽ പോയിരുന്നു. മെമ്പറുടെ ആവശ്യം ന്യായമാണ്. പക്ഷേ കെ.എസ്.ആർ.ടി.സി.യുടെ ഇന്നത്തെ സാമ്പത്തിക പരിമിതി അനുസരിച്ച് അക്കാര്യം ചെയ്യാൻ തൽക്കാലം നിവൃത്തിയില്ല. എന്നാലും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് അത് പരിശോധിക്കാം.

ശ്രീ. പി. സി. ജോർജ്: ഈരാറ്റുപേട്ടയിൽ അറ്റകുറ്റപ്പണിയിൽ കുഴപ്പമുണ്ടെന്നല്ല ഞാൻ പറയുന്നത്. വർഷങ്ങളായി ഈരാറ്റുപേട്ട-തിരുനെൽവേലിവഴി ഓടി ക്കൊണ്ടിരുന്ന ബസ് സർവ്വീസ് ഇപ്പോൾ നിർത്തി മറ്റൊരു സബ് ഡിപ്പോയിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങളെ കബളിപ്പിച്ചുകൊണ്ട് മാറ്റിക്കൊണ്ടുപോയിരിക്കുകയാണ്. അത് ഈരാറ്റുപേട്ടയിൽ തുടങ്ങാനുള്ള നടപടി സ്വീകരിക്കുമോ? തിരുനെൽവേലി സർവ്വീസ്പോലെ ഈരാറ്റുപേട്ട-ബാംഗ്ലൂർ സർവ്വീസും ഉണ്ടായിരുന്നു. അതും മറ്റൊരു സബ് ഡിപ്പോയിലേക്ക് മാറ്റിക്കൊണ്ടുപോയിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ കാലത്താണ് അങ്ങനെ ചെയ്തത്. അത് തിരികെ ഈരാറ്റുപേട്ടയിൽ നിന്നും ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എൻ. ശക്തൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നേരത്തേ അവിടെ ഉണ്ടായിരുന്ന സർവ്വീസ് അവിടെ നിന്നും മാറ്റി വേറെ ഏതെങ്കിലും ഡിപ്പോയിലാണ് അത് ഓപ്പറേറ്റ് ചെയ്യുന്നതെങ്കിൽ, തീർച്ചയായും അത് പരിശോധിക്കാം. അത് തിരിച്ച് അവിടെ തരുന്നതിനുള്ള നടപടികൾ സ്വീകരിക്കാം.

ശ്രീ. കെ. അച്ചുതൻ: കെ.എസ്.ആർ.ടി.സി. ബസ് മാത്രം ഓടുന്ന ചില റൂട്ടുകൾ ഉണ്ട്. എം.എൽ.എ. എഴുതിക്കൊടുത്തതിന്റെ പേരിൽ ഒരു ബസ് അവിടെ തന്നിട്ടുണ്ട്. പഴയ വണ്ടി ആയതുകാരണം ആളുകൾ കാത്തുനിന്നാലും, ഇടയ്ക്കിടയ്ക്ക് ബസ് വരില്ല. ജനങ്ങൾ വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു. ചിറ്റൂർ പോലെയുള്ള സ്ഥലങ്ങളിൽ സ്പെയർ ബസുകൾ കൊടുക്കാനുള്ള ശ്രമം അടിയന്തിരമായി നടത്തണം. തമിഴ്നാടുമായി ബന്ധിപ്പിക്കുന്ന, ഏറ്റവും കൂടുതൽ സ്കോപ്പുള്ള ഏരിയയാണ്. അഞ്ചക്കർ സ്ഥലം ഞാൻ മുനിസിപ്പൽ ചെയർമാൻ ആയിരിക്കുമ്പോൾ കൊടുത്തതാണ്. അവിടെ ധാരാളം സൗകര്യങ്ങളുണ്ട്. അവിടെ കുറച്ച് കൂടുതൽ ബസുകൾ, തമിഴ്നാടുമായി ബന്ധിപ്പിക്കുന്ന കുറേ ബസുകൾ കൊടുക്കാനുള്ള ഏർപ്പാട് ഉണ്ടാക്കുമോ എന്ന് അറിയണം.

ശ്രീ. എൻ. ശക്തൻ: കെ.എസ്.ആർ.ടി.സി.യുടെ പഴയ ബസ്സുകളെപ്പറ്റിയുള്ള പരാതി പണ്ടേ ഉള്ളതാണ്. ഈ ഗവൺമെൻറ് വന്നതിനുശേഷമാണ് ഏറ്റവും കൂടുതൽ പുതിയ ബസുകൾ ഇറക്കിയത്. ബഹുമാനപ്പെട്ട കെ. അച്ചുതൻ പറഞ്ഞ കാര്യം പ്രത്യേകം പരിശോധിക്കാം. വാഹനങ്ങൾ കുറച്ചെങ്കിലും അഡ്ജസ്റ്റു ചെയ്ത് കൊടുക്കാം.

(ചോദ്യോത്തരസമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly